(ബി) ഈ പഞ്ചായത്തുകളിൽ നിന്നു സ്വകാര്യ വ്യക്തികൾക്ക് ഫോൺ സൗകര്യം അനുവദിക്കാറുണ്ടോ;

(സി) തൃക്കടീരി പഞ്ചായത്താഫീസിലുള്ള ടെലഫോണിനു ലോക്കൽ കോളിന് ഡിപ്പാർട്ടുമെന്റ് ചാർജ് ചെയ്യുന്നില്ലെങ്കിലും പഞ്ചായത്ത് ചാർജ് വസൂലാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 689

(ബി) അടിയന്തിര സന്ദർഭങ്ങളിൽ അനുവദിക്കാറുണ്ട്.

(സി) സ്വകാര്യവ്യക്തികൾ വിളിക്കുന്ന കോളിന് ചാർജ് വസൂലാക്കുന്നുണ്ട്.

(ഡി) സ്വകാര്യവ്യക്തികൾ വിളിക്കുന്ന കോളിനു ചാർജ് കൊടുക്കണം. അത് ഒഴിവാക്കുന്നതിന് നിവർത്തിയില്ല.

കൃഷി ഭൂമിയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

573 [831] ശ്രീ. കല്ലട നാരായണൻ:

,, എസ്.ത്യാഗരാജൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിന്റെ ഫലമായി ഭൂവുടമകളായ കൃഷിക്കാരുടെ ഭൂമികളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അവരെ സഹായിക്കാൻ അതിബൃഹത്തായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭൂപരിഷ്കരണ നിയമം മൂലം പത്ത് സെന്റിലധികരിക്കാത്ത ഭൂവുടമകളായ കൃഷിക്കാരെ സഹായിക്കാനുള്ള ഒരു പദ്ധതി ഇപ്പോഴും തന്നെ നിലവിലുണ്ട്. ഇതിനായി അതിബൃഹത്തായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഇപ്പോഴും പരിപാടി ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തെങ്ങിന് മരുന്നുതളിക്കുന്ന തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ

574 [832] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന് മരുന്നുതളിക്കുന്ന തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly